പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *141 — 06.03.2017 ൽ മറുപടിയ്ക്ക്

## നാളികേര കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ജോയി<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) വെളിച്ചെണ്ണ വില വർദ്ധിക്കുമ്പോഴും നാളികേരത്തിന് ന്യായവില ലഭിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | വെളിച്ചെണ്ണ വില വർദ്ധിക്കുന്നതിനോടൊപ്പം നാളികേരത്തിന്റെയും വില വർദ്ധിക്കുന്നുണ്ട്. പച്ചത്തേങ്ങയുടെ മാർക്കറ്റ് വില സംഭരണ വിലയേക്കാൾ ഉയർന്ന നിരക്കിലായതിനാൽ ഇപ്പോൾ തേങ്ങ മാർക്കറ്റിൽ വിൽക്കാനാണ് കർഷകർ താൽപര്യപ്പെടുന്നത്. പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക ഇതിനകം പൂർണ്ണമായി നൽകിയിട്ടുണ്ട്. നാളികേര സംഭരണം കാര്യക്ഷമവും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന വിഷയവും ചർച്ച ചെയ്യുന്നതിനായി കർഷക സംഘടനകളുടെ ഒരു യോഗം വിളിച്ച് ചേർത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിൽ സഹകരണ സംഘങ്ങളേയും കൂടി പങ്കെടുപ്പിക്കാനുള്ള നടപടി പരിശോധിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്ത് നാളികേര സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; കർഷകർക്ക് യഥാസമയം പണം നൽകാൻ സാധ്യമായിട്ടുണ്ടോ; സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നാളികേര സംഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) നാളികേര വികസന ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസം നൽകുന്ന രീതിയിലല്ലെന്ന പരാതി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ